പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 73 — 02.03.2020 ൽ മറുപടിക്ക്

## കാസർകോഡ് പെരിയയിൽ ചെറുവിമാനങ്ങൾ ഇറങ്ങാനുള്ള എയർസ്ട്രിപ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർകോഡ് പെരിയയിൽ ചെറുവിമാനങ്ങൾ ഇറങ്ങാനുള്ള എയർസ്ട്രിപ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പിനെ റീജിയണൽ കണക്ടിവിറ്റി സ്കീം (UDAN) ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായി വരുന്നതെന്നും എത്ര കോടി രൂപയാണ് ഇതിന് ചെലവ് വരുന്നതെന്നും വെളിപ്പെടുത്താമോ; | (ബി) | എയർ സ്ട്രിപ്പിനും അനുബന്ധ സൗകര്യങ്ങൾക്കുമായി ഏകദേശം 100 ഏക്കർ സ്ഥലം ആവശ്യമായി വരും. ഇതിലേയ്ക്ക് ഏകദേശം 50 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) | ഈ പദ്ധതിയിൽ സർക്കാരിന് എത്ര ശതമാനം ഓഹരികളാണ് ഉണ്ടാകുകയെന്ന് വ്യക്തമാക്കാമോ? | (സി) | എയർ സ്ട്രിപ്പുകൾക്കുവേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കേണ്ട തുക കണക്കാക്കിയിട്ടില്ല. എന്നാൽ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ